**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 213** **23-01-2025 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സുരക്ഷിതത്വവും ശാസ്ത്രീയതയും ഉറപ്പുവരുത്തുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിലും വിവിധ സന്നദ്ധ സംഘടനകളും നടപ്പിലാക്കിവരുന്ന സാന്ത്വന പരിചരണ പരിപാടികൾ ഏകോപിപ്പിക്കുന്നതിനും അതിൽ സുരക്ഷിതത്വവും ശാസ്ത്രീയതയും ഉറപ്പുവരുത്തുന്നതിനും ഉതകുന്ന രീതിയിലുള്ള ഒരു ഭേദഗതി വരുത്തിയ പാലിയേറ്റീവ് കെയർ നയം 2019 ൽ സംസ്ഥാന സർക്കാർ പുറത്തിറക്കുകയുണ്ടായി. ഇതുപ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എല്ലാ സാന്ത്വന പരിചരണ വിഭാഗങ്ങളെയും സംഘടനകളെയും ഏകോപിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനുമുള്ള അടിസ്ഥാന മാനദണ്ഡങ്ങളും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. സർക്കാർ ഇതര സാന്ത്വന പരിചരണ വിഭാഗങ്ങളെയും മികവിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ല സന്നദ്ധ പ്രവർത്തകർക്കും പരിഷ്കരിച്ച ഏകീകൃത പരിശീലന മോഡ്യൂൾ പ്രകാരമുള്ള പരിശീലനവു ഉറപ്പാക്കേണ്ടതുണ്ട്. ആരോഗ്യവകുപ്പിന് പുറമേ ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് വകുപ്പ്, ഹോമിയോ വകുപ്പ് തുടങ്ങിയ മേഖലകളിലും പാലിയേറ്റീവ് കെയർ പരിചരണം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നതു കൂടാതെ സാന്ത്വന പരിചരണ മേഖലയിലെ പ്രവർത്തനങ്ങളുടെ ഗുണനിലവാര ഉറപ്പാക്കുന്നതിനുള്ള ഓഡിറ്റിംഗും ഇതിനോടൊപ്പം നടന്നു വരുന്നു. |

2008 ൽ കേരള സംസ്ഥാനമാണ് ആതുര ശുശ്രൂഷ രംഗത്ത് പാലിയേറ്റീവ് നയം ആദ്യമായ് പ്രഖ്യാപിച്ചത്. തുടർന്ന് 2019 ലെ കേരള സംസ്ഥാന സർക്കാരിന്റെ പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയപ്രകാരം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചു. നിലവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 35-ൽ പരം എൻ ജി ഒ കളും സാമൂഹ്യ സംഘടനകളും ആരോഗ്യ വകുപ്പും ചേർന്നാണ് പാലിയേറ്റീവ് പരിചരണം സംസ്ഥാനത്ത് പ്രാവർത്തികമാക്കി വരുന്നത്. ആശുപത്രികളിലെപ്പോലെത്തന്നെ ഗൃഹപരിപാലനത്തിലും ഊന്നൽ നൽകുന്നതാണ് 2019 ലെ പുതുക്കിയ പാലിയേറ്റീവ് പരിശീലന നയം. സാമ്പത്തികമോ സാമൂഹികമോ വ്യക്തിപരമോ ആയ ബുദ്ധിമുട്ടുകൾക്ക് വിധേയമാകാതെ ഗാർഹിക പരിചരണത്തിലൂന്നി ഓരോ വ്യക്തിക്കും നിലവാരമുള്ള പാലിയേറ്റീവ് കെയർ സേവനങ്ങൾ ലഭ്യമാക്കുന്നു എന്നു ഉറപ്പു വരുത്തുന്നതാണ് പരിഷ്കരിച്ച പാലിയേറ്റീവ് കെയർ പോളിസിയുടെ ലക്ഷ്യം.

ഈ നയരേഖയിൽ കേരളത്തിലുള്ള പാലിയേറ്റീവ് കെയർ ആവശ്യമായി വരുന്ന രോഗികൾക്കുള്ള ത്രിതല ചികിത്സാ സൗകര്യങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. നയരേഖയിലൂടെ പാലിയേറ്റീവ് കെയർ കൈകാര്യം ചെയ്യുന്ന ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനവും, സ്ഥാപനങ്ങളുടെ ശേഷി പരിപോഷണവും ലക്ഷ്യം വയ്ക്കുന്നുണ്ട്.

പൊതുജനങ്ങൾക്കിടയിൽ സാന്ത്വന പരിചരണത്തിന്റെ അവബോധം, അതിന്റെ പ്രാധാന്യം, സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ എന്നിവ നേടിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവയും നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സാന്ത്വന പരിചരണ രംഗത്തെ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്ഥാപനങ്ങൾ, എൻ.ജി.ഒ സാമുദായിക സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആയുഷ് വകുപ്പ്

| | | | |
|---|---|---|---|
| | | | തുടങ്ങിയവയുടെ പങ്ക് നയരേഖയിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ യൂണീറ്റുകൾ സജ്ജമാക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പാലിയേറ്റീവ് കെയർ നയരേഖ അടിസ്ഥാനമാക്കി മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിവരുന്ന സർക്കാരിതര സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കാനും ഗുണമേന്മ ഉറപ്പുവരുത്താനും സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 400 ലേറെ സർക്കാർ ഇതര സാന്ത്വന പരിചരണ സംഘടനകളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. രജിസ്ട്രേഷൻ പൂർത്തിയായി കഴിഞ്ഞാൽ രജിസ്ട്രേഷൻ പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും അതിലൂന്നിയുള്ള പ്രവർത്തനങ്ങളുടെയും നിരീക്ഷണം ശക്തമാക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ തലത്തിലും ഇത്തരം നിരീക്ഷണങ്ങൾ ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളെയും പാലിയേറ്റീവ് കെയർ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെയും സംഘടനകളെയും ഉൾപ്പെടുത്തികൊണ്ട് ഒരു നെറ്റ് വർക്ക് നിലവിലുണ്ട്. ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ , വോളന്റിയേഴ്സ് എന്നിവർ ഉൾപ്പെടുന്ന ശൃംഖലയിലൂടെ പ്രാദേശികമായി സാന്ത്വന പരിചരണം ആവശ്യമായ രോഗികൾക്ക് നഴ്സിംഗ് ഹോം കെയർ, ഡോക്ടർമാരുടെ സേവനം എന്നിവ നൽകാനും സാധിക്കുന്നുണ്ട്. 2019 ലെ പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയപ്രകാരം പാലിയേറ്റീവ് കെയർ പരിപാടികളുടെ നടത്തിപ്പും, അതിന്റെ നിരീക്ഷണവും വിലയിരുത്തലുകളും എങ്ങനെയായിരിക്കണമെന്നും സാന്ത്വന പരിചരണ രംഗത്തെ ഗവേഷണ മാർഗ്ഗങ്ങളെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്. പാലിയേറ്റീവ് രംഗത്തുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ ദേശീയ ക്യാൻസർ ഗ്രിഡിന്റെ മാതൃകയിൽ പാലിയേറ്റീവ് കെയർ ഗ്രിഡ് ആരംഭിക്കുന്നതിനുള്ള രൂപരേഖയും പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയരേഖയിലുണ്ട്. |
| (സി) | രോഗികൾക്ക് വീട്ടിൽ നൽകുന്ന പരിചരണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ വോളണ്ടിയർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടിക്ക് വിപുലമായ | (സി) | ഗൃഹ സന്ദർശനത്തിലൂടെ ശയ്യാവലമ്പരായ രോഗികൾക്ക് നൽകുന്ന സാന്ത്വന പരിചരണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ പ്രായോഗിക പരിശീലന പരിപാടികൾ കൃത്യമായ ഇടവേളകളിൽ |

| | | | |
|---|---|---|---|
| | ആസൂത്രണം ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | ഉറപ്പുവരുത്തുന്നുണ്ട്. പരിശീലനം കൂടുതൽ മികച്ചതാക്കുന്നതിന്റെ ഭാഗമായി പരിശീലന മോഡ്യൂളുകൾ ഏകീകരിക്കുകയും എല്ലാ വിഭാഗത്തിലുള്ളവർക്കും ഒരേ തരത്തിലുള്ള പരിശീലനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് കെയർ സേവനങ്ങൾ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. പ്രൈമറി തലത്തിൽ സാന്ത്വന പരിചരണ സേവനം പഞ്ചായത്ത്/ മുൻസിപ്പാലിറ്റി, കോർപ്പറേഷൻതലത്തിൽ തുടങ്ങുന്നു. സാന്ത്വന പരിചരണത്തിനായി "അയൽക്കൂട്ടകണ്ണികൾ" എന്ന ആശയവും ഇതോടൊപ്പം പ്രാവർത്തികമാക്കുന്നു. PHC/FHC തലത്തിൽ ഹോം കെയർ ഉൾപ്പെടെയുള്ളവ നടത്തിക്കൊണ്ട് പ്രാഥമിക ഘട്ട പ്രവർത്തനം കാര്യക്ഷമമായി നടത്തി വരുന്നു. ദ്വിതീയ ഘട്ടത്തിൽ CHC താലൂക്ക് എന്നിവിടങ്ങളിൽ കിടത്തി ചികിത്സയും. "സ്പെഷ്യലിസ്റ്റ് കെയർ" ഉൾപ്പെടെയുള്ള സേവനവും നൽകി വരുന്നു. പാലിയേറ്റീവ് കെയർ സർവ്വീസിൽ പങ്കാളികളാകുന്ന സ്വകാര്യ ആശുപത്രികളും ഇതേ വിഭാഗത്തിൽ വരുന്നു. തൃതീയ ഘട്ടത്തിൽ ജനറൽ ഹോസ്പിറ്റൽ/ മെഡിക്കൽ കോളേജ് എന്നിവ ഉൾപ്പെടുന്നു. പാലിയേറ്റീവ് കെയറിൽ വൈദഗ്ധ്യം ലഭിച്ച ടീമിനെ ഉൾപ്പെടുത്തി OP /IP സേവനങ്ങൾ നൽകി വരുന്നു. പരിശീലനവും ഗവേഷണ പ്രവർത്തനങ്ങളും ഭാവിയിൽ ഉൾപ്പെടുത്തികൊണ്ട് തൃതീയ ഘട്ടത്തെ "മികവിന്റെ കേന്ദ്രം" ആയി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭ ദിശയിൽ ആണ്. |
| (ഡി) | പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള നടപടിക്രമവും നിലവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിശദാംശവും ലഭ്യമാക്കുമോ? | (ഡി) | സർക്കാർ മേഖലയിലും സർക്കാർ ഇതര സംഘടനകളും നടപ്പിലാക്കുന്ന സാന്ത്വന പരിചരണ യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ പാലിയേറ്റീവ് കെയർ സംഘടനകളും അതാത് പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യപ്പെടുകയും മെഡിക്കൽ സൈക്കോ സോഷ്യൽ സേവനങ്ങൾ നൽകുന്നവരെ ആരോഗ്യവകുപ്പിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഇതിനായി ഒരു പാലിയേറ്റീവ് കെയർ ഗ്രിഡ് തയ്യാറാക്കിയിട്ടുള്ളതും ഓൺലൈൻ ആയി രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ